നിങ്ങളുടെ താഴെയുള്ളവരിലേക്ക് നിങ്ങൾ നോക്കുക!
നിങ്ങൾക്ക് മുകളിലുള്ളവരിലേക്ക് നിങ്ങൾ നോക്കരുത്.
അതാണ് അല്ലാഹുവിൻ്റെ അനുഗ്രഹങ്ങളെ
നിസ്സാരമാക്കാതിരിക്കാൻ നിങ്ങൾക്ക് ഏറ്റവും
അനുയോജ്യമായത്
ُه عَنُْه- റൈറുഹ ൂഅബ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറയുന്നു: "നിങ്ങളുടെ താഴെയുള്ളവരിലേക്ക്
നിങ്ങൾ നോക്കുക! നിങ്ങൾക്ക് മുകളിലുള്ളവരിലേക്ക് നിങ്ങൾ നോക്കരുത്. അതാണ്
അല്ലാഹുവിൻ്റെ അനുഗ്രഹങ്ങളെ നിസ്സാരമാക്കാതിരിക്കാൻ നിങ്ങൾക്ക് ഏറ്റവും
അനുയോജ്യമായത്."
[صحيح] [متفق عليه]
ഐഹികജീവിതത്തിൻ്റെ കാര്യങ്ങളിൽ തനിക്ക് താഴെയുള്ളവരിലേക്കും തന്നേക്കാൾ
കുറവുള്ളവരിലേക്കും നോക്കാൻ നബി -صلى الله عليه وسلم- കൽപ്പിക്കുന്നു. സ്ഥാനമാനങ്ങളിലും സമ്പത്തിലും
പദവികളിലും മറ്റുമെല്ലാം ഇപ്രകാരമാണ് ചെയ്യേണ്ടത്. ദുനിയാവുമായി ബന്ധപ്പെട്ട
കാര്യങ്ങളിൽ തനിക്ക് മുകളിലുള്ളവരിലേക്കും തന്നേക്കാൾ ശ്രേഷ്ഠരായവരിലേക്കും
നോക്കരുത് എന്നും നബി -صلى الله عليه وسلم- കൽപ്പിക്കുന്നു. കാരണം താഴെയുള്ളവരിലേക്ക് നോക്കുന്നത്
അല്ലാഹു നിനക്ക് നൽകിയ അവൻ്റെ അനുഗ്രഹങ്ങളെ നിസ്സാരമാക്കുന്നതിൽ നിന്നും കുറവായി
കാണുന്നതിൽ നിന്നും നിന്നെ സംരക്ഷിക്കാൻ ഏറ്റവും സഹായകവും അനുയോജ്യവുമാണ്.
https://sunnah.global/hadeeth/ml/show/5341